**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **കരിക്കുലം പരിഷ്കരണം:-** ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി രൂപീകരിച്ച ഡോ. സുരേഷ് ദാസ് അധ്യക്ഷനായി 39 അംഗ കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളതും, നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഘടന സംബന്ധിച്ച ഈ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും 850 -ഓളം കോളേജുകളിലും 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ആവശ്യമായ മാതൃക റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഇത് ഘടനയിലും ഉള്ളടക്കത്തിലും ബിരുദ തലത്തിലുള്ള കരിക്കുലം പരിഷ്കരണത്തിന്റെ കേരള മോഡൽ ആണ്. ഓരോ പ്രോഗ്രാമിലൂടെയും വിദ്യാർത്ഥികൾ ആർജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (Knowledge, Skill, Aptitude) എന്നിവ ഉറപ്പുവരുത്തി ഒരേ ക്യാമ്പസിനകത്ത് തന്നെ ഒരേ കോഴ്സുകൾ വ്യത്യസ്ത അധ്യാപകർക്ക് വ്യത്യസ്ത തരത്തിൽ പഠിപ്പിക്കുന്നതിനും അതിന്റെ പരീക്ഷയും മൂല്യനിർണയവും നടത്തുന്നതിനും നാലുവർഷ ബിരുദ പ്രോഗ്രാമിൽ സ്വാതന്ത്ര്യമുണ്ട്. മാത്രമല്ല ശാസ്ത്ര വിഷയങ്ങൾക്ക് മാത്രം പ്രാക്ടിക്കൽ ഉണ്ടായിരുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി നൈപുണി |

ഉറപ്പുവരുത്തുന്നതിനായി ആവശ്യമെങ്കിൽ എല്ലാ വിഷയങ്ങൾക്കും പ്രാക്ടീസ് നൽകുന്നുമുണ്ട്. കൂടാതെ സർവ്വകലാശാല തയ്യാറാക്കിയ കോഴ്സ് ബാസ്കറ്റ് സമ്പ്രദായത്തിൽ ബാസ്കറ്റിൽ ആവശ്യമായ കോഴ്സുകൾ ഇല്ലെങ്കിൽ അധ്യാപകർക്ക് സ്വന്തം നിലയ്ക്ക് കോഴ്സുകൾ തയ്യാറാക്കി സർവകലാശാല പഠന ബോർഡിന് സമർപ്പിച്ച് ക്ലാസ്സുകൾ നടത്തേണ്ടതുണ്ട്. സർവ്വകലാശാലയുടെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കിയ മേജർ മൈനർ കോഴ്സുകൾ, ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹുവൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യൂ അഡിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയുടെ ലിസ്റ്റിൽ നിന്നും ഓരോ കോളേജുകളും അവരുടെ കോളേജുകളിൽ നൽകാൻ കഴിയുന്ന മേജർ പ്രോഗ്രാമുകളുടെയും മൈനർ പ്രോഗ്രാമുകളുടെയും ഫൗണ്ടേഷൻ കോഴ്സുകൾ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്.

**2. <u>സെന്റർ ഓഫ് എക്സലൻസ്</u>:** ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ സ.ഉ.(സാധാ) നം. 897/2024/ഉ.വി.വ., സ.ഉ.(സാധാ) നം. 171/2025/ ഉ.വി.വ., എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)

3. Kerala Institute of Advanced Studies (KIAS)

4. Kerala Network for Research-support in Higher Education (KNRSHE)

5. Centre for Indigenous Peoples Education (CIPE)

6. The Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

കൂടാതെ, 23.08.2023-ലെ സ.ഉ.(സാധാ) നം.1318/2023/ഉ.വി.വ. പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ യൂണിവേഴ്സിറ്റികളിൽ ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്

2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്

3.മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി

**3. <u>സ്റ്റഡി ഇൻ കേരള:</u>**

കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**<u>4. ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്: ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ:</u>**

ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചേർന്ന് "ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ : ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ" എന്ന പേരിൽ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തിയിരുന്നു.

ഉന്നത വിദ്യാഭ്യാസത്തിൽ നിർമിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നതവിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാഡമിക് ലൈബ്രറികൾ, ഗവേഷണഫലങ്ങളും നയരൂപീകരണവും, ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റം,

ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാൻ നവീന മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറ്റുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. വ്യവസായ, വിദ്യാഭ്യാസ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, മികച്ച ഗവേഷണവിദ്യകളും സാങ്കേതികവിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷണങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു. കോൺക്ലേവിന്റെ വിവിധ പരിപാടികളിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമായി രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

**5. <u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം</u>:**

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയത് മുതൽ നാളിതുവരെ 15 നൊബേൽ ജേതാക്കൾ ഉൾപ്പെടെ 381 വിദഗ്ധരാണ് ഈ പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും സന്ദർശിച്ചിട്ടുള്ളത്.

**6. <u>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF)</u>:**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അദ്ധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (**KIRF**). സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയ വുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുന്നു.

**7. <u>ബ്രെയിൻ ഗെയിൻ</u> :**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ദ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സെപ്ഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ വികസനത്തിനായി ഉൾക്കൊള്ളിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**<u>8. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)</u>**:

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ SAAC എന്ന സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു. സർവ്വകലാശാലകൾ, സർക്കാർ, എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ/ കോളേജുകൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാനതല അക്രഡിറ്റേഷനും ഗ്രേഡുകളും വിലയിരുത്തി നൽകുക എന്നതാണ് SAAC -ന്റെ ലക്ഷ്യം. 2021 - 23 കാലയളവിൽ മൂന്ന് കോളേജുകളുടെ അക്രഡിറ്റേഷൻ SAAC പൂർത്തിയാക്കി.

**9.<u> ഇ-ജേർണൽ കൺസോർഷ്യം</u>**:

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-

ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചിരുന്നു. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

**10. <u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:</u>**

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണപദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചർ & ഇക്കോളജിക്കൽ സയൻസ്, ക്ലൈമറ്റ് ചെയിഞ്ച് & ജിയോളജിക്കൽ സ്റ്റഡീസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000 രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും കൂടാതെ പ്രതിവർഷം 2 ലക്ഷം രൂപ വീതം സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കും 50,000 രൂപ വീതം സോഷ്യൽ സയൻസ് വിഭാഗത്തിനും കണ്ടിജൻസി ഗ്രാന്റായും നൽകും. 500 ഫെല്ലോഷിപ്പുകളാണ് ആകെ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകളും രണ്ടാം ഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് 1 പ്രകാരം സർവ്വകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

**11. <u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ:</u>**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം,

റിസേർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

**12. <u>K-REAP:-</u>**

സർവ്വകലാശാലാപ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. K-REAP -ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. 2024 - 25 അദ്ധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**13. <u>അദ്ധ്യാപക പരിശീലന പദ്ധതി</u>:**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡവലപ്മെന്റ് സെന്റർ ആരംഭിച്ചത്. Humanities & Social Science, Science, Commerce, Technology and Management എന്നീ സ്കീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിച്ചുവരുന്നു.

**14. <u>ഡിജികോൾ (DIGICOL):</u>**

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital', 'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കം കുറിച്ചു. ഈ പദ്ധതികളുടെ മുഖ്യലക്ഷ്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അധ്യാപകരുടെ ഡിജിറ്റൽ സാങ്കേതികമായ കഴിവുകൾ വർദ്ധിപ്പിക്കുക, നൂതനവും പുതുമയാർന്നതുമായ അധ്യാപനരീതി (techno pedagogy) അവലംബിക്കുന്നതിനായുള്ള പരിശീലനം നൽകുക എന്നിവ ഉൾപ്പെടുന്നു.

15. **കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

16. **കൗൺസിൽ ജേർണൽ:**

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ SAGE പബ്ലിഷിംഗ് ഹൗസുമായി ചേർന്ന് 'Higher Education for the Future' എന്ന ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു.

17. **ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി** :

കേരളത്തിലെ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയ്ഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ് ടു വിന്/ തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. എസ്.സി./ എസ്.ടി., ഒ.ബി.സി., ബി.പി.എൽ., ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 10%, 27%, 10%, 3% സ്കോളർഷിപ്പുകൾ സംവരണം ചെയ്തിരിക്കുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP- ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29.09.2022 ലെ സ.ഉ.(സാധാ) നം. 1437/2022/ഉ.വി.വ. പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റത്തിന് ശേഷം വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി Centre for Sustainable Development (CSD), Centre for Nano Electronics, Collaborative Research and Learning (CORaL) എന്നീ ഗവേഷണ പദ്ധതികൾ നടപ്പിലാക്കി.

പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്ട് കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. Rev. 2021 ഡിപ്ലോമ കരിക്കുലം വിദ്യാർത്ഥികളുടെ വ്യവസായ അധിഷ്ഠിത കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project, Major Project, Activity Points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നൽകി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി Handbook പ്രസിദ്ധീകരിച്ചു. Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ ഇലക്ടീവുകൾ അവതരിപ്പിച്ചു. ഒരു കരിയർ ഓപ്ഷനായി സംരംഭകത്വം ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിൽ സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളെയും കുറിച്ചുള്ള കോഴ്സ് ഉൾപ്പെടുത്തി. വിദ്യാർത്ഥികളെ അവരുടെ തൊഴിൽ അഭിവൃദ്ധിക്ക് വേണ്ടി, ഓൺലൈനായി പഠനം നടത്തി ആഗോള തലത്തിൽ സർട്ടിഫിക്കേഷൻ നേടുന്നതിനായി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡിപ്ലോമ കരിക്കുലത്തിൽ “Activity Points” ഉൾപ്പെടുത്തി. കൂടാതെ ആഗോളതലത്തിൽ വിദ്യാർഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനു വേണ്ടി Communication skills in English theory ഒന്നാം

| | | | |
|---|---|---|---|
| | | | സെമസ്റ്ററിലും Communication skills in English Lab രണ്ടാം സെമസ്റ്ററിലും ഉൾപ്പെടുത്തി.<br><br>കേരളത്തെ വിജ്ഞാന സമൂഹമാക്കി പരിവർത്തനപ്പെടുത്താനും ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായും വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ മാസത്തിൽ "ഉദ്യമ 1.0 " എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു.<br><br>കേരള സാങ്കേതിക സർവകലാശാലയുടെ കീഴിൽ കേരളത്തിലെ സർവകലാശാല കാമ്പസുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിക്കുകയും ട്രാൻസ്ലേഷണൽ റിസർച്ച് ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള ഹ്രസ്വ നിർദ്ദേശം സർവകലാശാല സമർപ്പിക്കുകയും ചെയ്തു. വിളപ്പിൽശാലയിൽ സർവകലാശാലയ്ക്കായി ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കൺസൾട്ടൻസി സേവനദാതാവായ വാപ്കോസ് ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചു. ടിആർസി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചു. പദ്ധതി നിർമാണത്തിനായി 12.94 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി നൽകി. 9.95 കോടി രൂപയുടെ പദ്ധതി നിർമാണത്തിനുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു. നിർമാണ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടെ ആരംഭിക്കും.<br><br>സർക്കാരിന്റെ **ആനിമേഷൻ വിഷ്വൽ എഫക്ട്, ഗെയിമിംഗ് കോമിക്സ് ആൻഡ് എക്സ്റ്റെൻഡഡ് റിയാലിറ്റി (AVGC - XR)** പോളിസി പ്രകാരം കേരള സാങ്കേതിക സർവകലാശാലയുടെ കീഴിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി 2025-26 വർഷത്തേക്ക് 2.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| (ബി) | പുതുതായി എന്തെല്ലാം പദ്ധതികളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | പിരിവ് (എ) -യിൽ നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ